(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു. ഇടുക്കി മെഡിക്കൽ കോളേജ് സ്ഥാപിച്ചു. കൂടാതെ ആരോഗ്യ വകുപ്പ് തയ്യാറായുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

* ജീവിത ശൈലിരോഗ പ്രതിരോധപ്രവർത്തനം
* പകർച്ചവ്യാധി പ്രതിരോധപ്രവർത്തനം
* കുഷ്ഠരോഗ നിർമ്മാർജ്ജനം
* പെയിൻ & പാലിയേറ്റീവ്
* ടെറി ഹെൽത്ത് മെഡിക്കൽ എഡ്യൂക്കേഷൻ പദ്ധതി.
* ജലജന്യരോഗ പ്രതിരോധപ്രവർത്തനം.
* കാൻസർ കെയർ
* പുകയില വിരുദ്ധ പ്രവർത്തനം.
* കോളറ പ്രതിരോധപ്രവർത്തനം.
* ടി. ബി. എലിമിനേഷൻ പ്രവർത്തനം.

(ബി) വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

ആലപ്പുഴ ജില്ലയിലെ 108 ആംബുലൻസുകൾ

93(793) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ എത്ര 108 ആംബുലൻസുകൾ ഉണ്ട്; ഇതിൽ റണ്ണിംഗ് കണ്ടിഷനിൽ ഉള്ളവ എത്ര; അല്ലാത്തവ എത്ര;

(ബി) 108 ആംബുലൻസുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളത്; വിശദമാക്കുമോ;

(സി) ജില്ലയിലെ 108 ആംബുലൻസുകൾ അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി സർവ്വീസ് നടത്താൻ കഴിയുംവിധം സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ 18 പ്രതിനെട്ട് 108 ആംബുലൻസുകളുണ്ട്. 3-2-2016-ലെ സ്ഥിതിയനുസരിച്ച് 14 (പതിനാല്) വാഹനങ്ങൾ പ്രവർത്തനക്ഷമമാണ്. 4 (നാല്) വാഹനങ്ങൾ അറ്റകുറ്റപ്പണികൾക്കായി വർക്ക്ഷോപ്പിലാണ്.

(ബി) നിലവിൽ ആരോഗ്യ വകുപ്പിന്റെ ജില്ലാതലത്തിലുള്ള മെയിന്റനൻസ് മെക്കാനിക്ക് 108 ആംബുലൻസ് വാഹനങ്ങൾ പരിശോധിച്ച് നിർദ്ദേശം നൽകുന്നതിനനുസരിച്ച് വാഹന നിർമ്മാതാക്കളായ മഹീന്ദ്രയുടെ വർക്ക്ഷോപ്പിലാണ് അറ്റകുറ്റപ്പണികൾ നടത്തുന്നത്. അറ്റകുറ്റപ്പണികൾക്കുശേഷം മെയിന്റനൻസ് മെക്കാനിക്ക് ടി വാഹനങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

(സി) വർക്ക്ഷോപ്പിലുള്ള 4 വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തി പുറത്തിറക്കാനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

18 വയസ്സിന് താഴെയുള്ളവർക്ക് ചികിത്സ

94(794) ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 18 വയസ്സിന് താഴെയുള്ളവർക്ക് എല്ലാ രോഗങ്ങൾക്കും ചികിത്സ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

ഉത്തരം

(എ) ഉണ്ട്.

(ബി) ആർ.ബി.എസ്.കെ., ആരോഗ്യ കിരണം പദ്ധതികളുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്കുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കുമുള്ള ചികിത്സ ലഭ്യമാക്കുക എന്നത് ഈ പദ്ധതികളുടെ പ്രധാന ലക്ഷ്യമാണ്. ഈ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ ചികിത്സാ ചെലവുകൾ കാരണം കഷ്ടപ്പെടുന്ന അനേകായിരം കുടുംബങ്ങൾക്ക് വലിയ ആശ്വാസം നൽകുന്നതിനോടൊപ്പം അവരെ മാനസികമായും സാമൂഹികമായും ഉന്നതിയിലേയ്ക്ക് നയിക്കുന്നതിനും സാധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly